# മഹാത്മാഗാന്ധിസർവ്വകലാശാല
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298


2021 ജൂലൈ 28

# വാർത്താക്കുറിപ്പ്

## വെരിക്കോസ് വെയ്ൻ: ചികിത്സാ ഗവേഷണത്തിന് എം.ജി.സർവകലാശാല

സിരകളിലെ തടിപ്പ് മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ - വെരിക്കോസ് വെയ്ൻ - ചികിത്സിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വികസിപ്പിച്ചെടുക്കാനുള്ള ഗവേഷണ പ്രവർത്തനങ്ങൾക്ക് മഹാത്മാ ഗാന്ധി സർവ്വകലാശാലയും കോട്ടയത്തെ ഡോ. എൻ.രാധാകൃഷ്ണൻ ഫൗണ്ടേഷൻ ഫോർ വെനവസ് ഡിസീസ് എന്ന സ്ഥാപനവും ധാരണയായി. വെരിക്കോസ് വെയ്ൻ മൂലമുണ്ടാകുന്ന മുറിവുകളും വ്രണങ്ങളും ഭേദമാക്കുന്നതിനാവശ്യമായ ബയോ -പോളിമർ അടിസ്ഥാനമാക്കിയുള്ള ചികിത്സോപാധികൾ വികസിപ്പിച്ചെടുക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് ധരണയായത്.

പ്രമുഖ ശസ്ത്രക്രിയാ വിദഗ്ധൻ ഡോ. എൻ. രാധാകൃഷ്ണന്റെ നേതൃത്വത്തിൽ കോട്ടയം, ചെത്തിപ്പുഴയാൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ് ഡോ. എൻ. രാധാകൃഷ്ണൻ ഫൗണ്ടേഷൻ. ഞരമ്പു സംബന്ധമായ ശസ്ത്രക്രിയാ മേഖലയിൽ ദീർഘകാലമായി പ്രവർത്തിച്ചു വരുന്ന ഡോ. രാധാകൃഷ്ണൻ ഇതിനകം തന്നെ നാല്പതിനായിരത്തിലധികം വെരിക്കൊസ് വെയ്ൻ രോഗികളിൽ ശസ്ത്രക്രിയകളും മറ്റ് അനുബന്ധ ചികിത്സകളും നടത്തിയിട്ടുണ്ട്.

ദീർഘകാലമായി ഭേദമാകാതെ നിൽക്കുന്ന വെരിക്കോസ് മൂലമുള്ള വ്രണങ്ങൾ ചികിത്സിക്കുന്നതിന് ആവശ്യമായ സാമഗ്രികൾ വികസിപ്പിക്കുന്നതിന് സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ബയോ സയൻസസ്, സ്കൂൾ ഓഫ് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് ഗവേഷണ പ്രവർത്തനങ്ങൾ നടത്തുക. ചികിത്സക്ക് ആവശ്യമായ സ്കഫോൾഡ് വികസിപ്പിച്ചെടുക്കുകയെന്നതാണ് ഗവേഷണ പദ്ധതിയുടെ ലക്ഷ്യം.

വൈസ് ചാൻസലർ ഡോ. സാബു തോമസ്, ബയോ സയൻസസ് വിഭാഗത്തിൽ നിന്നുള്ള അധ്യാപകൻ ഡോ. ഇ.കെ. രാധാകൃഷ്ണൻ, നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി വിഭാഗം മേധാവി ഡോ. നന്ദകുമാർ കളരിക്കൽ എന്നിവർ ഗവേഷണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കും. ഒരു വർഷമാണ് ഗവേഷണ പദ്ധതിയുടെ കാലാവധി. ഗവേഷണ പ്രവർത്തനങ്ങൾക്കായി ഡോ. എൻ.രാധാകൃഷണൻ ഫൗണ്ടേഷനിൽ നിന്ന് ഒരു പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പും ഗവേഷണ സാമഗ്രികൾ വാങ്ങുന്നതിനാവശ്യമായ തുകയും അനുവദിക്കാനും ധാരണയായിട്ടുണ്ട്.

(പി.ആർ.ഒ/39/689/2021)

## പരീക്ഷ ഫലം

2021 മാർച്ചിൽ നടന്ന മൂന്നാം വർഷ ബാച്ചിലർ ഓഫ് ഫാർമസി സ്പെഷൽ സപ്ലിമെന്ററി - പുതിയ സ്കീം (2016 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഓഗസ്റ്റ് 10 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/690/2021)

2021 ജനുവരിയിൽ ഐ.ഐ.ആർ.ബി.എസിൽ നടന്ന ഏഴാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഇന്റർഡിസിപ്ലിനറി മാസ്റ്റർ ഓഫ് സയൻസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/691/2021)

2019 നവംബറിൽ നടന്ന ഒന്നുമുതൽ ആറുവരെ സെമസ്റ്റർ എം.സി.എ. ഓഫ് കാമ്പസ് (സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് 10 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/692/2021)

2021 ജനുവരിയിൽ നടന്ന ആറാം സെമസ്റ്റർ (ഫൈനൽ) എം.സി.എ. റഗുലർ ആന്റ് ലാറ്ററൽ എൻട്രി (റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/693/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക്റിലേഷൻസ് ഓഫീസർ